പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1362 15-10-2026-ൽ മറുപടിയ്ക്ക്

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സ്വദേശികളും വിദേശികളുമായ സഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; 2021 മുതൽ 2026 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം എത്രയെന്ന് വിശദമാക്കാമോ;

**മറുപടി:** ദേശീയവും അന്തർദേശീയവുമായ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗതമായ പ്രിന്റ് ക്യാമ്പയിനുകൾക്ക് പുറമെ നവസാമൂഹ്യമാധ്യമങ്ങളിലൂടേയും ടെലവിഷൻ, സിനിമ ഹാൾ, എയർപോർട്ട് മുതലായവയിലൂടെയും ടൂറിസം വകുപ്പ് മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ, സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രധാന പട്ടണങ്ങളിൽ ടൂറിസം വകുപ്പ് പാർട്ണർഷിപ് മീറ്റുകൾ സംഘടിപ്പിക്കുകയും പ്രധാന ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. കൂടാതെ പ്രശസ്തരായ ഇൻഫ്ളുവൻസേഴ്സ്, മാധ്യമപ്രവർത്തകർ എന്നിവരിലൂടെ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രചരണം നടത്തിവരുന്നു.

2021 മുതൽ 2026 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം ചുവടെ ചേർക്കുന്നു;

2021-2022 - ₹ 58,31,765/-

2022-2023 - ₹ 4,61,07,616/-

2023-2024 - ₹ 2,60,94,521/-

2024-2025 - ₹ 2,13,83,808/-

2025-2026 - ₹ 4,28,96,085/- (സെപ്റ്റംബർ വരെ)

**(ബി)** റെസ്പോൺസിബിൾ ടൂറിസം പദ്ധതികളിലൂടെ പ്രാദേശിക ജനങ്ങൾക്ക് ലഭിച്ച തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> ലഭ്യമായ കണക്കുകൾ പ്രകാരം, 2017 ഓഗസ്റ്റ് മുതൽ 2026 മാർച്ച് വരെ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളിലൂടെ 126.58കോടി രൂപയുടെ പ്രാദേശിക വരുമാനം സൃഷ്ടിച്ചിട്ടുണ്ട് . പദ്ധതിയുടെ ഭാഗമായി 56,815 പേർ നേരിട്ടും 83,965 പേർ പരോക്ഷമായും ഗുണഭോക്താക്കളായിട്ടുണ്ട്. ആകെ 1,40,780 പേർ പദ്ധതികളുടെ ഭാഗമായി പ്രയോജനം നേടിയിട്ടുണ്ട്.

**(സി)** ടൂറിസം കേന്ദ്രങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മറുപടി:</u> ടൂറിസം കേന്ദ്രങ്ങളിലെ അനധികൃത കൈയേറ്റങ്ങളും നിർമാണങ്ങളും പരിശോധിക്കാൻ വകുപ്പിന്റെ ജില്ലാ തല ഉദ്യോഗസ്ഥർ കൂടിയായ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഉത്തരവാദിത്ത ടൂറിസം മാതൃകയിൽ വിവിധ സംവിധാങ്ങൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു .

**സെക്ഷൻ ഓഫീസർ**